# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4411 25.06.2019 ൽ മറുപടിക്ക്**

**ദേവികുളം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആനുവൽ പ്ലാൻ, ഫ്ളഡ് ഡാമേജ് റിപ്പയർ, ഓർഡിനറി റിപ്പയർ എന്നീ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും, സംസ്ഥാന ഫണ്ടിൽ നിന്നുമായി 91.881 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സി.ആർ.എഫ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി 48 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>പാലങ്ങൾ വിഭാഗത്തിനു കീഴിൽ 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിന് 1799.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിരത്തു വിഭാഗത്തിന് കീഴിൽ അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം. I ആയി ചേർക്കുന്നു. |
| ബി) | ആയത് സംബന്ധിച്ച് സബ്ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | ബി) | ദേശീയപാത വിഭാഗത്തിനു കീഴിൽ കോതമംഗലം സബ്ഡിവിഷന് 61.81 കോടി രൂപയും ദേവികുളം സബ്ഡിവിഷന് 30.071 കോടി രൂപയും സി.ആർ.എഫ് പ്രവൃത്തികൾക്കായി ദേവികുളം സബ്ഡിവിഷന് 48 കോടി രൂപയും ലഭിച്ചിട്ടുണ്ട്.<br>കെട്ടിട വിഭാഗത്തിനു കീഴിൽ മൂന്നാർ |

സബ്ഡിവിഷന് 1799.36 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി പാലം ഉപവിഭാഗത്തിനു കീഴിലാണ് പെരിയവര പാലത്തിനായി 400 ലക്ഷം രൂപ നൽകിയിട്ടുള്ളത്.

നിരത്തു വിഭാഗത്തിനു കീഴിൽ പ്രവൃത്തികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം. II ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

നിരത്ത് വിഭാഗം

| | 2016-17 (Lakhs) | 2017-18 (Lakhs) | 2018-19 (Lakhs) |
|---|---|---|---|
| Budget Work | 839.20 | 899.60 | 1000.00 |
| NABARD | NIL | NIL | 1750.00 |
| Flood | NIL | NIL | 5000.00 |
| Sabarimala | 450.00 | 235.00 | 2129.00 |
| SLTF | 317.50 | 279.00 | 1050.00 |
| Total | 1606.70 | 1413.60 | 10929.00 |

[illegible]

4411

അനുബന്ധം II

മൂന്നാർ സബ് ഡിവിഷൻ

| | 2016-17 (Lakhs) | 2017-18 (Lakhs) | 2018-19 (Lakhs) |
|---|---|---|---|
| Budget Work | 839.20 | 699.60 | 1000.00 |
| NABARD | NIL | NIL | 1750.00 |
| Flood | NIL | NIL | 4300.00 |
| Sabarimala | 450.00 | 235.00 | 2129.00 |
| SLTF | 317.50 | 279.00 | 1030.00 |
| Total | 1606.70 | 1001.60 | 10209 |

നെടുങ്കണ്ടം സബ് ഡിവിഷൻ

| | 2016-17 (Lakhs) | 2017-18 (Lakhs) | 2018-19 (Lakhs) |
|---|---|---|---|
| Budget Work | NIL | 200.00 | NIL |
| NABARD | NIL | NIL | 1750.00 |
| Flood | NIL | NIL | 700.00 |
| Sabarimala | NIL | NIL | NIL |
| SLTF | NIL | NIL | 20.00 |
| Total | — | 200.00 | 2470.00 |

ഹിൽ ഹൈവേയിൽ രണ്ട് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. ഫണ്ട് അനുവദിച്ചിട്ടില്ല.

കിഫ്ബി

ഉടുമ്പൻചോല - രാജാക്കാട് - ആനച്ചാൽ - ചിത്തിരപുരം (ഉടുമ്പൻചോല - ദേവികുളം നിയോജകമണ്ഡലം) എന്ന പ്രവൃത്തിയ്ക്ക് 145.67 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി ലഭിച്ചു.

പൂപ്പാറ - ബൈസൺവാലി - പന്നിയാർക്കുട്ടി - വെള്ളത്തൂവൽ - കല്ലാർക്കുട്ടി (ഉടുമ്പൻചോല - ദേവികുളം നിയോജകമണ്ഡലം) എന്ന പ്രവൃത്തിയ്ക്ക് 50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

നത്തുക്കല്ല് - അടിമാലി (ഇടുക്കി - ദേവികുളം നിയോജകമണ്ഡലം) എന്ന പ്രവൃത്തിയ്ക്ക് 50 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

മൂന്നാർ ഫ്ലൈ ഓവർ (ദേവികുളം നിയോജകമണ്ഡലം) എന്ന പ്രവൃത്തിയ്ക്ക് 35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു.

സെക്ഷൻ ഓഫീസർ